**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1634

10.03.2020 ൽ മറുപടി നല്കേണ്ടിയിരുന്നത്.

## ജിഡ ഫണ്ട് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. എസ്.ശർമ്മ

**മറുപടി**

പിണറായി വിജയൻ

(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന കോതാട്-ചേന്നൂർ പാലത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | കോതാട്-ചേന്നൂർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് വേണ്ടി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കുന്നതും, പിന്നീട് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതുമാണ്. |
| (സി) | മുളവുകാട് മൂന്നാംഘട്ടത്തിലുൾപ്പെട്ട റോഡുവികസന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (സി) | മുളവുകാട് റോഡ് പദ്ധതിയുടെ മൂന്നാംഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്ഥലമെടുപ്പ് ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളതും തുടർനടപടികളിലുമാണ്. 77 പേരുടെ ഭൂമി രജിസ്ട്രേഷൻ നടത്തുവാനുണ്ട്. എൻക്രോച്ച്മെന്റ് ഉള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികളും പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ഡി) | എത്ര സ്വകാര്യ വ്യക്തികളുടെ ഭൂമിയാണ് ഏറ്റെടുക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | 76 സ്വകാര്യ വ്യക്തികളുടെ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത് |
| (ഇ) | പ്രസ്തുത പ്രദേശത്തെ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങ് പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ഇ) | യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവർത്തി ഏജൻസികൾ/വകുപ്പുകൾ ആരംഭിച്ചിട്ടുണ്ട്. താമസംവിനാ പൂർത്തിയാക്കുന്നതാണ്. |
| (എഫ്) | റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | നിർദ്ദിഷ്ട സ്ഥലമെടുപ്പും, യൂട്ടിലിറ്റി ഷിഫ്റ്റിങ്ങും സംബന്ധിച്ച നടപടികളും, എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെൻഡർ നടപടികളും പൂർത്തിയാക്കിയതിനുശേഷം റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ